# പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

*e-mail:dopkd.ksad@kerala.gov.in*

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി19/119/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 08.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി19/119/17 തീയതി – 08.02.2017

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 08/2016തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 07/2016 ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 13-04-2016 മുതൽ 8-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 03-2016 മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| രസീത് ഇനം | പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|---|
| സാംഖ്യ രസീത് | 120 (4645840 മുതൽ 4645960വരെ) | 2061 |
| മാന്വൽ രസീത് ബുക്കുകൾ | 7 (27037 മുതൽ 27043 വരെ) | 7 (27037 മുതൽ 27043 വരെ) |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ<br><br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.2016 മുതൽ 28.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ.സുമേഷ്,- ഓഡിറ്റ് ഓഫീസർ<br><br>ശ്രീ.ശ്രീജിത്.പി.ഡി,- സീനി.ഗ്രേഡ് ഓഡിറ്റർ<br><br>ഉഷാകുമാരി.വി.ടി,-സീനി.ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1 | ശ്രീ.പി.എസ്.ശിവദാസൻ | 01.04.2015മുതൽ 06.11.2015 വരെ |
| | 2 | ശ്രീമതി.ജയശ്രീ.കെ | 01.04.2015മുതൽ 06.11.2015 വരെ |
| സെക്രട്ടറി | 1 | ശ്രീ.എൻ.എൻ.മുഹമ്മദ് കാസിം | 01.04.2015മുതൽ 05.01.2016 വരെ |
| | 2 | ശ്രീ.കെ.കിഷോർ (ജൂനി.സൂപ്രണ്ട് i/c) | 06-01-2016 |
| | 3 | ശ്രീ.ഗിരീഷ്.ഇ.വി | 07.01.2016മുതൽ 31.03.2016 വരെ |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.എഞ്ചിനിയർ | 1 | ശ്രീ.വിനോദ്.എം.കെ | 01.04.2015മുതൽ 02.06.2015 വരെ |
| | 2 | ശ്രീമതി.ഉമ.ടി.എൻ | 03.06.2015മുതൽ 18.10.2015 വരെ |
| | 3 | ശ്രീ.സജീഷ് | 19.10.2015മുതൽ 07.11.2015 വരെ |
| | 4 | ശ്രീമതി.ഷമിത | 07.11.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | | ഡോ.ക്ലനിൻ ഫ്രാൻസിസ് ഫരിയ | 01.04.2015മുതൽ 07.11.2015 വരെ |
| | | ഡോ.വിനീത | 08.11.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | ഡോ.മുഹാസ്.കെ.കരിം | 01.04.2015മുതൽ 25.06.2015 വരെ |
| | 2 | ഡോ.അരുണ.എൻ | 26.06.2015മുതൽ 04.08.2015 വരെ |

| | | | |
|---|---|---|---|
| | 3 | ഡോ.സൗമ്യമോൾ | 05.08.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | | ശ്രീ.കാർത്തികേയൻ | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | | ശ്രീ.കെ.സുന്ദരൻ (സർക്കിൾ I) | 01.04.2015മുതൽ 31.03.2016 വരെ |
| | | ശ്രീമതി.പ്രശോഭിത<br>(സർക്കിൾ II) | 01.04.2015മുതൽ 31.03.2016 വരെ |
| | | ശ്രീ.പ്രമോദ്.പി<br>(സർക്കിൾ II) | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | | ശ്രീ.സണ്ണി.കെ.എസ് | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.ഷൈലജ.ബി | 01.04.2015മുതൽ 31.03.2016 വരെ |
| പ്രധാന അധ്യാപിക<br>GUPS നന്നിയോട് | | ശ്രീമതി.വിലാസിനി.കെ.എസ് | 01.04.2015മുതൽ 05.06.2015 വരെ |
| പ്രധാന അദ്ധ്യാപിക<br>GUPS നന്നിയോട് | | ശ്രീമതി.മഞ്ജുള.എം.പി | 06.06.2015മുതൽ 09.09.2015 വരെ |
| പ്രധാന അദ്ധ്യാപിക<br>GUPS നന്നിയോട് | | ശ്രീമതി.പാത്തുമ്മ ബീവി | 10.09.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |

| | | |
|---|---|---|
| 11 | അനുബന്ധ പത്രിക | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഡി&ഒ അപാകതകൾ സംബന്ധിച്ച് | 2(1) |
| 2 | മൊബൈൽ ടവറുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാത്തതു സംബന്ധിച്ച് | 2(2) |
| 3 | തൊഴിൽ നികുതി- അപാകതകൾ സംബന്ധിച്ച് | 2(3) |
| 4 | വാടകകുടിശ്ശിക സംബന്ധിച്ച് | 2(4) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പാലിയേറ്റീവ് കെയർ-വാഹനവാടക സർക്കാർ അനുവദിച്ച നിരക്കിലും അധികം നൽകി | 3(1) |
| 2 | അധികം നൽകിയ വൈദ്യുതി ചാർജ്ജ് 50508 രൂപ ക്രമീകരിക്കുന്നതിന് വിധേയമായി തടസ്സത്തിൽ വെക്കുന്നു | 3(2) |
| 3 | മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 3(3) |
| 4 | മുഴുവൻ തെരുവു വിളക്കുകൾക്കും മീറ്ററിംങ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. | 3(4) |
| 5 | അസാധരണ ചെലവുകൾ-ചട്ടങ്ങൾ പാലിക്കണം | 3(5) |
| 6 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം | 3(6) |
| 7 | ആശ്രയ പദ്ധതി- അവലോകനം | 3-(7) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
|---|
| 1/21.3.2015 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 28110018 |
| വരവ് | 47805995 |
| ആകെ | 75616013 |
| ചെലവ് | 70126981 |

| | |
|---|---|
| നീക്കിബാക്കി | 5489032 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | | ആകെ തുക | ആകെ ചെലവ് | തിരിച്ചടച്ചത്/ ലാപ്സ് ആയത് | നീക്കി ബാക്കി (RP40 b പ്രകാരം) |
|---|---|---|---|---|---|---|---|
| | | മറ്റ് ഫണ്ടുകളിൽ നിന്ന് TC ആയി വന്ന തുക | അലോക്കേഷൻ വരവ് | | | | |
| വികസന ഫണ്ട് (ജനറൽ) | 4985197 | 6685101 | 0 | 11670298 | 11223146 | 457152 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 5347034 | 0 | 6980666 | 12327700 | 8824580 | 591291 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 100299 | 0 | 617000 | 717299 | 562671 | 153801 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3952820 | 0 | 14766000 | 18718820 | 18311754 | 407066 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1275821 | 0 | 3210000 | 4485821 | 3762957 | 722864 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2568984 | 0 | 4597525 | 7166509 | 6716825 | 74798 | 0 |
| ലോക ബാങ്ക് സഹായം | 3397559 | 0 | 3397559 | 6795118 | 92230 | 3305329 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 152 | 131 | 0 | 21 | 86.18% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 13 | 5738839 | 5444625 | 95% |
| അസി.എഞ്ചിനിയർ | 104 | 91 | 34223077 | 25762293 | 75% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 2 | 2 | 457200 | 384949 | 84% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 300000 | 300000 | 100% |
| വെറ്ററിനറി സർജൻ | 1 | 1 | 1000 | 100000 | 100% |
| കൃഷി ഓഫീസർ | 3 | 3 | 12764463 | 6966664 | 55% |
| ICDS സൂപ്പർവൈസർ | 6 | 6 | 4203393 | 3653084 | 87% |
| വി.ഇ.ഒ | 18 | 13 | 25540000 | 6252130 | 24% |
| ഹെഡ് മാസ്റ്റർ | 1 | 1 | 230498 | 230498 | 100% |
| ആകെ | 152 | 131 | 83458470 | 49094243 | |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം (2014-15) | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2671148 | 1875772 | -795376 | -29.78% |
| നികുതിയേതര വരവുകൾ | 484832 | 472344 | -12488 | -2.58% |
| ആകെ | 3155980 | 2348116 | -807864 | -25.6% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊ ഴിലാളി പെൻഷൻ | 6 | 6 | 2 | |
| 2 | തൊഴിൽ രഹിത വേതനം | 16 | 16 | 7 | |
| 3 | വിധവാ പെൻഷൻ | 69 | 69 | 7 | |
| 4 | വികലാംഗ പെൻഷൻ | 15 | 15 | - | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | - | |

| | | | | | |
|---|---|---|---|---|---|
| 6 | വാർദ്ധക്യകാല പെൻഷൻ | 196 | 196 | 21 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-11-2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 14860 /- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11.11.2016 | 1/10/16 മുതൽ 31/10/16 വരെ | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 29.10.2009 | 2004-05 മുതൽ 2008-09 വരെ | 9.1.2010 | - |

## 1-11 അനുബന്ധ പത്രിക

അനുബന്ധം-1: ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ അപാകതകൾ സംബന്ധിച്ച്

ഓഡിറ്റ് കാലയളവിലെ ഡി&ഒ ലൈസൻസ് ഫീ പരിശോധനയിൽ താഴെ കാണും വിധം ചില അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

1) ഭൂരിപക്ഷം അപേക്ഷകളിലെയും കോർട്ട് ഫീ സ്റ്റാമ്പുകൾ കാൻസൽ ചെയ്തതായി കാണുന്നില്ല

2) ലൈസൻസ് ഫീ അപേക്ഷകളിൽ പലതിലും ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടോ, സെക്രട്ടറിയുടെ തീരുമാനങ്ങളോ കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ

| ക്രനം | അപേക്ഷകൻ | സ്ഥാപനം | വാർഡ് നം | രജിസ്റ്റർ ക്രമ നം |
|---|---|---|---|---|
| 1 | ആർ.സുന്ദരേശൻ,വണ്ടിത്താവളം | റൈസ്മിൽ | 12 | |

| | | | | |
|---|---|---|---|---|
| 2 | എസ്.ജൈനൽ ആബിദീൻ,നന്ദിയോട് | ഫർണീച്ചർ കട | 6 | 49 |
| 3 | മണി, വണ്ടിത്താവളം | കട | വാർഡു വിവരമില്ല | 51 |
| 4 | ലിജോ.എം.ജോസ് | പാക്ക്ഡ് ചിക്കൻ വില്പന സ്ഥാപനം | 9 | 57 |

മേൽപ്പറഞ്ഞ കാര്യങ്ങൾ കാണിച്ചുകൊണ്ട് സെക്രട്ടറിയ്ക്ക് 26.11.2016 ൽ എൻക്വയറി നൽകിയെങ്കിലും ആയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-2 മൊബൈൽ ടവറുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാത്തതു സംബന്ധിച്ച്

പട്ടഞ്ചേരി പഞ്ചായത്തിനു കീഴിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളെ പറ്റിയുള്ള വിശദാംശങ്ങൾ പഞ്ചായത്ത് അധികൃതർ ഓഡിറ്റിനു ഹാജരാക്കിയില്ല. 29.11.2016 നു നൽകിയ 8-ാംനം എൻക്വയറി പ്രകാരം ഇക്കാര്യം വിശദമായി സെക്രട്ടറിയെ രേഖാമൂലം ധരിപ്പിച്ചുവെങ്കിലും ആയതിനു യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

## 2-3 തൊഴിൽ നികുതി- അപാകതകൾ സംബന്ധിച്ച്

ഓഡിറ്റ് കാലയളവിലെ തൊഴിൽ നികുതി പരിശോധനയിൽ താഴെ കാണും പ്രകാരമുള്ള ചില അപാകതകള് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്

1) 2015-16 ലെ ഇരു അർദ്ധവർഷങ്ങളിലെയും കരുണ സെൻട്രൽ സ്കൂൾ( വണ്ടിത്താവളം), ചിന്മയ വിദ്യാലയം(തത്തമംഗലം) എന്നീ സ്കൂളുകളിലെ(CBSE syllabus) അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാരുടെ റിട്ടേണുകൾ പരിശോധിച്ചതിൽ ജീവനക്കാരിൽ നിന്നും കുറഞ്ഞ തൊഴിൽ നികുതിയാണു ഈടാക്കികൊണ്ടിരിക്കുന്നതെന്നു കാണുന്നു.

പൊതു വിദ്യഭ്യാസ വകുപ്പിന്റെ 14.2.2011 ലെ ജി.ഒ (എം.എസ്) 36/2011 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരുടെ മിനിമം വേതന വ്യവസ്ഥകൾ 1.1.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.കൂടാതെ central board of secondary education(CBSE) ന്റെ 29.07.2009 ലെ സർക്കുലർ നം 1 (CBSE/AFF /Circulars/2009) അഫിലിയേഷൻ ബൈലോ പ്രകാരം സി.ബി.എസ്.ഇ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർക്കാറിൽ ഇതേ കാറ്റഗറിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നൽകുന്ന ശമ്പളം നൽകണമെന്നും അല്ലാത്ത പക്ഷം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ശമ്പള നിരക്ക് നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വേതനം മേൽ സ്കൂളിലെ ജീവനക്കാർക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ സാരമായ നഷ്ടം സംഭവിക്കാൻ ഇടയായിട്ടുണ്ട്.

2) വെറ്റിനറി സർജൻ സമർപ്പിച്ച റിട്ടേണിൽ സുദേവൻ, രവീന്ദ്രനാഥ് (അറ്റന്റൻമാർ) എന്നിവരെ

ഭിന്നശേഷിയുള്ളവർ എന്നു കാണിച്ച് നികുതിയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. എന്നാൽ റിട്ടേണിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിച്ചിട്ടില്ല.

ഇക്കാര്യങ്ങൾ സെക്രട്ടറി ശ്രദ്ധിക്കേണ്ടതും, സ്ഥാപന മേധാവികൾ തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിക്കുമ്പോൾ ആയത് സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ കാണിച്ചുകൊണ്ട് സെക്രട്ടറിയ്ക്ക് 26.11.2016 ൽ എൻക്വയറി നൽകിയെങ്കിലും ആയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-4 വാടകകുടിശ്ശിക സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള നന്ദിയോട് വനിത വ്യവസായ കേന്ദ്രത്തിന്റെ 4 കടമുറികൾ വാടകക്കു നൽകിയതിൽ 2015-16 ൽ 7005രൂ കുടിശ്ശികയിനത്തിൽ പഞ്ചായത്തിനു ലഭിക്കാനുണ്ട് വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രനം | ബിൽഡിംഗ് നം | മാസ വാടക |
|---|---|---|
| 1 | 9/111 | 580 |
| 2 | 9/113 | 410 |
| 3 | 9/109 | 2085 |
| 4 | 9/108 | 746 |
| ആകെ | | 3821 |

കൂടാതെ വാടകക്കാരിൽ നിർമല എന്നവർ പഞ്ചായത്തുമായി വാടക കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

കുടിശ്ശികയിനത്തിൽ പിരിച്ചു കിട്ടാനുള്ള തുക എത്രയും പെട്ടെന്ന് ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ കാണിച്ചുകൊണ്ട് സെക്രട്ടറിയ്ക്ക് 10/29.11.2016-ാം നം എൻക്വയറി നൽകിയെങ്കിലും ആയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാലിയേറ്റീവ് കെയർ-വാഹനവാടക സർക്കാർ അനുവദിച്ച നിരക്കിലും അധികം നൽകി

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പെയിൻ ആന്റ് പാലിയേറ്റിവ് കെയർ എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട്.നം 27/16

അടങ്കൽ :417400

ചെലവ് :366149

വിഭവ സ്രോതസ്സ് : പ്ലാൻ ഫണ്ട് ജനറൽ- - 300000

ധനകാര്യ കമ്മീഷൻ അവാർഡ്-117400

| ക്രമ നം | ബിൽ നം ,തിയതി | തുക |
|---|---|---|
| 1 | 2/2015-16 dt.25-06-15 | 71200 |
| 2 | 3/2015-16 dt.25-07-15 | 23100 |
| 3 | 4//2015-16 dt.24-08-15 | 23100 |
| 4 | 5/2015-16 dt.17-09-15 | 23700 |
| 5 | 6/2015-16 dt.15-10-15 | 23600 |
| 5 | 7/2015-16dt.24-12-15 | 24800 |
| 6 | 8/2015-16 dt.31-12-15 | 57200 |
| 7 | 9/2015-16.dt.15-2-16 | 52210 |
| 8 | 10/2015-16 dt.15-2-16 | 47799 |
| 9 | 11/2015-16dt.30-3-16 | 19440 |
| | ആകെ | 366149 |

ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിവരുന്ന ആളുകളെയാണ് പ്രോജക്ടിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്.ഈ പ്രോജക്ടിൽ ആകെ ചെലവഴിച്ച തുകയുടെ വിവരം ഇനം തിരിച്ച് താഴെ കൊടുക്കുന്നു.

| ക്രമ നം | ചെലവിനം | തുക |
|---|---|---|
| 1 | വാഹന ചെലവ് | 110800 |
| 2 | ഹോണറേറിയം | 120000 |
| 3 | ഹോണറേറിയം (കുടിശ്ശിക) | 24000 |
| 4 | ടെലഫോൺ | 3600 |
| 5 | ഭക്ഷണം | 38980 |
| 6 | മരുന്ന് | 26110 |
| 7 | രോഗി ബന്ധു പ്രോഗ്രാം | 18750 |
| 8 | പാലിയേറ്റീവ് ട്രൈനിംങ് | 10000 |
| 9 | മറ്റിനം | 3370 |
| 10 | മോണിറ്ററിംങ് കമ്മിറ്റി യോഗം | 1000 |
| 11 | സ്റ്റേഷനറി | 9539 |
| | ആകെ | 366149 |

പാലിയേറ്റീവ് കെയറിന്റെ അടിത്തറ വീടുകൾ കേന്ദ്രീകരിച്ചുള്ള ചികിൽസയായതിനാൽ മേൽ പ്രൊജക്ടിൽ KL-09-U2034 എന്ന വാഹനം വാടകയ്ക്ക് എടുത്ത് ഗൃഹകേന്ദ്രീകൃത പരിചരണത്തിനായി മാസത്തിൽ ശരാശരി 8ദിവസം എന്ന തോതിൽ യാത്ര ചെയ്യുകയും ആയതിന്റെ വാടകയിനത്തിൽ 110800 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു

| ഇനം | April /2015 | May /2015 | June /2015 | July /2015 | August /2015 | Sept /2015 |
|---|---|---|---|---|---|---|
| വാഹന വാടക | 9600 (8days) | 9600 (8days) | 9600 (8days) | 9600 (8days) | 9600 (8days) | 9600 (8days) |
| ഹോണറേറിയം | 10000 | 10000 | 10000 | 10000 | 10000 | 10000 |
| ഭക്ഷണം | 3700 | 3700 | 3200 | 3200 | 3800 | 3200 |
| മോണിറ്ററിംഗ് കമ്മിറ്റി യോഗം | | | | | | 500 |
| ടെലഫോൺ ചാർജ്ജ് | 300 | 300 | 300 | 300 | 300 | 300 |
| ഹോണറേറിയം കുടിശ്ശിക | | 24000 | | | | |
| ആകെ | 23600 | 47600 | 23100 | 23100 | 23700 | 23600 |
| Trsry.bill.no&date | 2/2015-16 dt.25-06-15 amount= 71200 | | 3/ 2015-16 dt. 25-07-15 amount= 23100 | 4/ 2015-16 dt. 24-08-15 amount= 23100 | 5/ 2015-16 dt. 17-09-15 amount= 23700 | 6/ 2015-16 dt. 15-10-15 amount= 23600 |

| ഇനം | Oct /2015 | November/ 15 | December/ 15 | January /16 | February/ 16 | March/ 16 |
|---|---|---|---|---|---|---|
| വാഹന വാടക | 10800 (9 days) | 9600 (8 days) | 9600 (8 days) | 9600 (8days) | 6400 (8 days @800) | 7200 (8+1days @ 800) |
| ഹോണറേറിയം | 10000 | 10000 | 10000 | 10000 | 10000 | 10000 |
| ഭക്ഷണം | 3700 | 3700 | 3700 | 3700 | 1440 | 1940 |
| മോണിറ്ററിംഗ് കമ്മിറ്റി യോഗം | | | | | 500 | |
| ടെലഫോൺ ചാർജ്ജ് | 300 | 300 | 300 | 300 | 300 | 300 |

| | | | | | | |
|---|---|---|---|---|---|---|
| Palliative training | | | 10000 | | | |
| ഓട്ടോ ചാർജ് | | | | | 2670 | |
| സ്റ്റേഷനറി മുതലായവ | | | | 2500 | 7039 | |
| മരുന്ന വാങ്ങൽ | | | | 26110 | | |
| രോഗി ബന്ധു പ്രോഗ്രാം | | | | | 18750 | |
| ക്ലീനിംങ് | | | | | 700 | |
| total | 24800 | 23600 | 33600 | 52210 | 47799 | 19440 |
| | 7/2015-16 dt.24-12-15 amount= 24800 | 8/ 2015-16 dt.31-12-15 amount= 57200 | | 9/ 2015-16 dt.15-2-16 amount= 52210 | 10/ 2015-16 dt.15-2-16 amount= 47799 | 11/ 2015-16 dt.30-3-16 amount= 19440 |

സർക്കാർ ഉത്തരവ് (ആർ.ടി) 3217/2015 ത.സ്വ.ഭ.വ തിയതി 29-10-2015 -പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ ഗൃഹ സന്ദർശനത്തിന് മറ്റ് രീതിയിൽ വാഹനം ലഭ്യമാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ദിവസ വാടക നിരക്ക് പരമാവധി 1100 രൂപ എന്ന പരിധിക്ക് വിധേയമായി വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ 1200 രൂപ പ്രകാരമാണ് ഏപ്രിൽ 2015 മുതൽ ജനുവരി 2016വരെയും തുക നൽകിയിട്ടുള്ളത്.(പ്രതിദിനം 1200 രൂപ തോതിൽ 8 ദിവസത്തേക്ക്) മേൽ പരാമർശിച്ച സർക്കാർ ഉത്തരവിനുശേഷം പരിധി ലംഘിച്ച് നവംബർ ,ഡിസംബർ,ജനുവരി മാസങ്ങളിൽ അധികം നൽകിയ 2400 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.(ബിൽനം.8/2015-16 dt.31-12-15 തുക 57200, 9/2015-16.dt.15-2-16 തുക 52210) (ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ രേഖാമൂലം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.9 തിയതി 28-11-2016 )മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഈ തുകയ്ക്ക് പുറമെ ഓഡിറ്റ് കാലയളവിൽ വാഹന വാടകയിനത്തിൽ 108400 രൂപ നൽകിയിട്ടുണ്ട്. ട്രിപ്പ്ഷീറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉപയോഗിച്ച വാഹനത്തിന്റ വിവരങ്ങൾ പരിശോധിച്ചതിൽ KL-09-U2034 വാഹനം ടാറ്റാ മോട്ടോർസിന്റെ നോൺ ട്രാൻസ്പോർട്ട് LMV വിഭാഗത്തിൽ ഉൾപ്പെടുന്നതാണ് എന്നു കാണുന്നു. നോൺ ട്രാൻസ്പോർട്ട് വാഹനത്തിന്റെ പേരിൽ ട്രിപ്പ് ഷീറ്റ് ഹാജരാക്കി തുക കൈപ്പറ്റിയതിന് മതിയായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ 108400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 അധികം നൽകിയ വൈദ്യുതി ചാർജ്ജ് ക്രമീകരിക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷത്തിൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ

പ്രതിമാസം 192098 രൂപ വീതമാണ് അടവാക്കിയിട്ടുള്ളത് . 4/2015 മുതൽ 12/2015 ഉൾപ്പെടെ 9 മാസം ഈ നിരക്കിൽ അടവാക്കുകയും 1/2016 ൽ ഭാഗികമായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. മീറ്ററിംഗ്ഏർപ്പെടുത്തുന്നതിനു മുമ്പുള്ള കാലയളവിൽ തത്തമംഗലം ഡിവിഷനു കീഴിൽ കൺസ്യൂമർ നം 269 ആയി ബില്ലിംഗ് നടത്തിയിരുന്ന തെരുവു വിളക്കുകളുടെ ഇൻവോയ്സ് പ്രകാരം താഴെ പറയുന്ന ഇനം ബൾബുകളാണ് ഉണ്ടായിരുന്നത്.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | Double Tube Fitting (2x40 W) | 1385 |
| 2 | Ordinary Bulb (40 W) | 92 |
| 3 | CFL (22W) | 521 |
| 4 | SVL (250 W) | 18 |
| 5 | LED (24 W) | 83 |

എന്നാൽ 2014-15, 15-16 വർഷങ്ങളിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സാധാരണ ബൾബുക വാങ്ങുകയോ സ്ഥാപിക്കുകയോ ചെയ്തതായി കാണുന്നില്ല. കാലാകാലം ബൾബുകളുടെ ഇനവും എണ്ണവും പരിഷ്കരിക്കാതെ മുൻ വർഷങ്ങളിൽ ഉണ്ടായിരുന്ന ബൾബുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുതി ചാർജ്ജ് അടവാക്കിപ്പോന്നത്. 4/2015 നു മുമ്പ് സ്ഥാപിച്ച സാധാരണ ബൾബ് 4/2016 ആകുമ്പോഴേക്കുതന്നെ പ്രതിദിനം 12 മണിക്കൂർ നിരക്കിൽ ഏറ്റവും കുറഞ്ഞത് 4380 മണിക്കൂർ പ്രവർത്തിച്ചിരിക്കും. സാധാരണബൾബുകൾക്ക് ഇതിലധികം പ്രവർത്തന കാലാവധി (bunning hour) ലഭിക്കില്ല എന്നിരിക്കെ 2015-16 വർഷത്തിൽ ഈ ഇനത്തിലുള്ള ബൾബുകളുടെ ചാർജ്ജ് അടവാക്കിയതുകാരണം അധികം തുക ചെലവഴിച്ചിട്ടുണ്ട്. പ്രതിദിനം 12 മണിക്കൂറിന് 61 രൂപ നിരക്കിൽ 92 സാധാരണ ബൾബുകൾക്ക് പ്രതിമാസം 5612 രൂപ വീതം 4/15 മുതൽ 12/15 വരെയുള്ള കാലയളവിൽ ആകെ 50508 രൂപയാണ് ഈ ഇനത്തിൽ അധികമായി അടവാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ KSEB യെ ബോധ്യപ്പെടുത്തി പ്രസ്തുത തുക ഏറ്റവും അടുത്ത കാലയളവിലെ തെരുവു വിളക്ക് ചാർജ്ജിൽ ഇളവു ചെയ്ത് കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 മീഡിയാശ്രീ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ്. നം-155/16-മീഡിയാശ്രീ

പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ:65000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് :65000

ബിൽനം.2/2015-16 തിയതി.19-06-2015

സ.ഉ(സാധാ)നം. 3206/2014/ത.സ്വ.ഭ.വ തിയതി 5-12-2014 പ്രകാരം കുടുംബശ്രീ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചരിത്രവും

വർത്തമാന പദ്ധതികളുടെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യൂമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി 2014-15 വർഷത്തിൽ തനതുഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ 65000 ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം. 482/2015 തിയതി 18-2-2015 പ്രകാരം സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനം മുഖേന ഡോക്യൂമെൻററി നിർമ്മിക്കുവാൻ മുൻകൂറായി 30% തുക കുടുംബശ്രീക്ക് നൽകുന്നതിനും ജില്ലാതലത്തിൽ ഡി.ഡി.പി അധ്യക്ഷനായും ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2014-15 വർഷത്തിൽ തുക അനുവദിക്കുവാനാണ് സർക്കാർ അനുമതിയെങ്കിലും തുക അനുവദിച്ചിട്ടുള്ളത് 2015-16 വർഷത്തിലാണ്.

65000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും പിൻവലിച്ച് എക്സി.ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ പേരിൽ ഡി.ഡി എടുത്ത് അയച്ചുകൊടുത്തിട്ടുണ്ട്.

(23-06-2015 ലെ ഡി.ഡി നം.149873രൂപ 65000).

ഈ വിഷയത്തിന്മേൽ 23-11-16ന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിക്കു വേണ്ടി ഡോക്യൂമെൻററി ചിത്രീകരണം നടന്നുവെന്നും ആയതിന്റെ സി.ഡി ലഭ്യമായിട്ടില്ലായെന്നുമാണ് വാക്കാൽ അറിയിച്ചിട്ടുള്ളത്. ഭരണസമിതിയുടെ കാലാവധി കഴിയുന്നതിന് തൊട്ടുമുമ്പായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. തുക അനുവദിക്കുവാൻ കാലതാമസം നേരിട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഡോക്യുമെന്ററിയുടെ സി.ഡി നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ലാത്തതിനാൽ മുൻഭരണസമിതിയുടെ നേട്ടങ്ങൾ സൂചിപ്പിക്കുന്ന ഡോക്യുമെന്ററിയുടെ പ്രസക്തി നഷ്ടപ്പെട്ടതായി വിലയിരുത്തുന്നു. ഈ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
പദ്ധതിയുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കുന്നതുവരെ 65000/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-4 മുഴുവൻ തെരുവു വിളക്കുകൾക്കും മീറ്ററിംങ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

തെരുവു വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് 2016 ജനുവരി മുതൽ 35 കൺസ്യൂമർ നമ്പരുകളിലായി മീറ്ററിംങ് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. ഇതേ തുടർന്ന് ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ പ്രതിമാസം 192098 രൂപ അടവാക്കിയിരുന്നത് 140000 രൂപയായി കുറയുകയുണ്ടായി. മീറ്ററിംങ് സംവിധാനം ഭാഗികമായി നടപ്പിലാക്കിയിട്ടുപോലും ശരാശരി 50000 രൂപ പ്രതിമാസം ലാഭിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.ആ നിലയ്ക്ക് ഊർജ്ജ ഉപഭോഗം കുറവുള്ള LED/CFL വിളക്കുകൾ ഘടിപ്പിച്ച് മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളേയും മീറ്ററിംങ് സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരേണ്ടതാണ്.അതോടൊപ്പം വൈദ്യുത വിളക്കുകളുടെ ഇനംതിരിച്ചുള്ള കൃത്യമായ കണക്ക് തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ വരുന്ന മാറ്റത്തിനനുസരിച്ച് രജിസ്റ്റർ പുതുക്കേണ്ടതുമാണ്. വിളക്കുകൾക്ക് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ഉള്ളതിനാൽ വാറണ്ടി കാലയളവിൽ തകരാറാവുന്ന ബൾബുകൾ കൃത്യമായിതന്നെ മാറ്റി വാങ്ങേണ്ടതും പുതിയവ വാങ്ങുന്നില്ലെന്ന് ഉറപ്പ

വരുത്തേണ്ടതുമാണ്.

## 3-5 അസാധരണ ചെലവുകൾ -ചട്ടങ്ങൾ പാലിക്കണം

2015-16 ലെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ഉദ്ഘാടനങ്ങൾ, സംഭാവനകൾ തുടങ്ങിയ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് അസാധാരണ ചെലവിനങ്ങളായി പരിഗണിക്കാതെ ദൈനംദിന ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചെലവ് രേഖകളിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തിയിരിക്കണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് മെച്ചപ്പെടുത്തേണ്ടതുണ്ട് എന്നത് കൂടി പരിഗണിച്ച്, അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം

2015-16 സാമ്പത്തികവർഷത്തിൽ സെക്രട്ടറി,ഹെഡ് മാസ്റ്റർ ,വി.ഇ.ഒ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്

1ഹെഡ് മാസ്റ്റർ

| ക്രമ നം | പ്രോജക്ട് നം.പേര് | ഫണ്ട് സ്രോതസ്സ് | അടങ്കൽ | ചെലവ് | ബിൽ നം. തിയതി |
|---|---|---|---|---|---|
| 1 | 8/15-16 എസ്.എസ്.എ വിഹിതം | ധനകാര്യ കമ്മീഷൻ അവാർഡ് | 230498 | 230498 | 1/15-16 തിയതി.14-09-15 |

2.സെക്രട്ടറി,

| ക്രമ നം | പ്രോജക്ട് നം.പേര് | ഫണ്ട് സ്രോതസ്സ് | അടങ്കൽ | ചെലവ് | ബിൽ നം. തിയതി |
|---|---|---|---|---|---|
| 1 | 162/15-16 | ധനകാര്യ | 350000 | 350000 | /15-16 |

| | | | | | |
|---|---|---|---|---|---|
| | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി | കമ്മീഷൻ അവാർഡ് | | | തിയതി. |

3. വി.ഇ.ഒ

| ക്രമ നം | പ്രോജക്ട് നം.പേര് | ഫണ്ട് സ്രോതസ്സ് | അടങ്കൽ | ചെലവ് | ബിൽ നം. തിയതി |
|---|---|---|---|---|---|
| 1 | 22/15-16 I.A.Y വിഹിതം | പ്ലാൻ ജനറൽ | 600000 | 600000 | 11/15-16 തിയതി 4.10.16 |
| 2 | 24/15-16 I.A.Y വിഹിതം | പ്ലാൻ SCP | 1200000 | 760000 | 14/15-16 തിയതി 14.10.15 |

പ്രസ്തുത പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ വിനിയോഗിച്ച സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 3-7 ആശ്രയ പദ്ധതി- അവലോകനം

ഗ്രാമപഞ്ചായത്തിലെ അഗതി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആസൂത്രണം ചെയ്ത് 2002 ൽ ആരംഭിച്ച ഒന്നാംഘട്ട ആശ്രയ പദ്ധതിയിൽ വിഭാവനംചെയ്ത പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.

| ആവശ്യകതാ ഘടകങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | സേവനം ലഭ്യമായ വരുടെ എണ്ണം | സേവനം ലഭ്യമാകാ ത്തവരുടെ എണ്ണം. | റിമാർക്സ് |
|---|---|---|---|---|
| വീട് വെക്കാൻ സ്ഥലം | 42 | 27 | 15 | മറ്റ് ഭവന നിർമ്മാണ പദ്ധതികളുടെ ഭാഗമായി സേവനം ലഭ്യമാക്കിയതായി അറിയിച്ചു. ആയതിന് പ്രത്യേകമായി വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. |
| ഭവന നിർമ്മാണം | 54 | 25 | 29 | |
| വീട് പുനരുദ്ധാരണം | 11 | 11 | 0 | |
| കുടിവെള്ളം | 31 | 10 | 21 | |

| | | | | |
|---|---|---|---|---|
| സ്വയം തൊഴിൽ | 25 | - | 25 | |

വകയിരുത്തിയ തുക

| ഫണ്ട് ഇനം | തുക | സി.ഡി.എസ് അക്കൗണ്ടിൽ ലഭ്യമായ തുക | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| പദ്ധതി വിഹിതം (ജനറൽ, എസ്.സി.പി, പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം) | 679400 | 2148750 | 178000 | 430750 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 2362000 | 907000 | 52108 | 854892 |
| മറ്റുള്ളവ | 585800 | ലഭ്യമായില്ല | | |
| ആകെ | 3627200 | 3055750 | 230108 | 1285642 |

ഒന്നാംഘട്ടം- തുടർസേവന പദ്ധതി

ഒന്നാം ഘട്ടപദ്ധതി കാലയളവിനുശേഷം ഗുണഭോക്താക്കളെ പുനർ സന്ദർശനം നടത്തി തുടർ സേവന പദ്ധതി തയ്യാറാക്കുകയും 2009-2012 കാലയളവിൽ താഴെ പറയുംപ്രകാരം നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിക്കുകയും ചെയ്തു.

| ആവശ്യകതാ ഘടകങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | സേവനം ലഭ്യമായവരുടെ എണ്ണം | സേവനം ലഭ്യമാകാത്തവരുടെ എണ്ണം. |
|---|---|---|---|
| ഭക്ഷണം | 62 | 62 | 0 |
| ചികിൽസ | 31 | 31 | 0 |
| വിദ്യാഭ്യാസം | 16 | 0 | 16 |
| വീട് | 8 | 2 | 6 |
| വീട് റിപ്പയർ | 6 | 3 | 3 |
| കക്കൂസ് | 22 | 3 | 19 |

തുടർ സേവന പദ്ധതിയിലെ ഗുണഭോക്താക്കൾക്കുവേണ്ടി 2012-13ൽ മേൽപ്പുര റിപ്പയറിന് ഗ്രാമപഞ്ചായത്ത് വിവിധ ഘട്ടങ്ങളിലായി ആകെ 911595/- രൂപ സി.ഡി.എസ് അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു. പദ്ധതി പ്രകാരം ആകെ 24 ഗുണഭോക്താക്കൾക്ക് ആനുകൂല്യം

ലഭ്യമാക്കിയിട്ടുണ്ട്.വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാതിരുന്നതിനെ തുടർന്ന് 346750 രൂപ 2015-16 വർഷത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കുകയാണ് ചെയ്തത്. പദ്ധതിയുടെ നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ കാരണം ലഭ്യമായ തുക പോലും യഥാസമയം ചെലവഴിച്ച് ഗുണഭോക്താക്കൾക്ക് അർഹമായ സേവനം നൽകുന്നതിന് സാധിച്ചിട്ടില്ല.

രണ്ടാംഘട്ടം

പദ്ധതി വിഹിതം ഇനത്തിൽ 22556400 രൂപയും കുടുംബശ്രീ ചലഞ്ച് ഫണ്ടിൽ നിന്ന് 1554176 രൂപയും വകയിരുത്തി അംഗീകാരം നേടിയ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഇതുവരെ ചലഞ്ച് ഫണ്ടിൽ നിന്നുള്ള 51805 രൂപ ലഭ്യമാവുകയും അതിൽ നിന്ന് 220598 രൂപ മാത്രം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2015-16 വർഷത്തിൽ ആശ്രയ പദ്ധതിക്കുവേണ്ടി (സ്പിൽ ഓവർ) വകയിരുത്തിയത് ഭവന നിർമ്മാണത്തിനുള്ള 1025000 രൂപയാണ്. ഇതിൽ387500 രൂപ മാത്രമാണ് ചെലവഴിച്ചത്. മറ്റ് പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി മാത്രം നിർബന്ധിത പദ്ധതി എന്ന നിലയിൽ ആശ്രയ പദ്ധതി തയ്യാറാക്കി അംഗീകാരം നേടുകയും തുക യഥാസമയം ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല.

ആശ്രയ പദ്ധതിയുടെ സുതാര്യമായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1500000 | 111/15-16 നെൽകർഷകർക്ക് ഉഴവ് കൂലി | 1500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 900000 | 111/15-16 നെൽകർഷകർക്ക് ഉഴവ് കൂലി | 900000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 134800 | 17/15-16 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 134800 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1440 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം,തിയതി |
|---|---|---|---|---|
| 2012-13 | 3-2 | 1440 | ശ്രീ.സേതു എ.ഇ | 11505101374/ 15.9.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | ഒന്നുമില്ല | | | |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| | | | വിവരം ലഭ്യമായില്ല | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47505995 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70126981 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 173400 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2400 | ഡോ.വിനീത<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 108400 | ഡോ.വിനീത<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-3 | 65000 | സെക്രട്ടറി |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 108400 | ഡോ.വിനീത<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-3 | 65000 | സെക്രട്ടറി |
| ആകെ | 173400 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.വിനീത<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി.നന്ദിയോട് | എരഞ്ഞിപ്പാലം വീട്<br>എടയൂർ പി.ഒ<br>മലപ്പുറം ജില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | P9-597/99 dt.24.9.99/ 22.11.99 | ഫർദർ റിമാർക്സ് |
| 1997-98 | P12-244/03 dt. 2.4.03/5.4.03 | പഞ്ചായത്തിലേക്ക് തുടർ നടപടികൾക്കുള്ള കത്ത് |
| 1998-99 | P12-414/02 dt.1.10.02/ 26.10.02 | ടി |
| 1999-00 | P11-1557/09 dt. 6.9.10/ 24.9.10 | ടി |
| 2000-01 | P11-1247/08 dt.19.2.09 | ടി |
| 2001-02 | P11-1572/09 dt. 13.4.10 | ടി |
| 2002-03 | P11-79/09 dt. 11.2.09/20.2.09 | ടി |
| 2003-04 | P11-948/08 dt. 22.10.09 | ഫർദർ റിമാർക്സ് |
| 2004-05 | P11-1371/11 dt. 20.9.11/ 14.10.11 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2005-06 | LFP19/595/15/24.11.14/11.6.15 | സാധൂകരണം സംബന്ധിച്ച കത്ത് |
| 2006-07 | LF.1332/spl.cell/C.Sc/D3/12 dt. 1.1.13 | സർചാർജ്ജിൽ നിന്നും ഒഴിവാക്കിയ കത്ത് |
| 2007-08 | LF-P11/375/12 dt.16.3.12/ 10.4.12 | ഫർദർ റിമാർക്സ് |
| 2008-09 | LF-P11/1979/11 dt. 14.2.11/ 16.1.12 | ഫർദർ റിമാർക്സ് |
| 2009-10, 2010-11 | P19/585/13 dt. 6.5.13/6.7.13 | ഫർദർ റിമാർക്സ്, സർചാർജ്ജ് പ്രൊപ്പോസൽ |
| 2011-12 | P19/481/14 dt.3.5.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | LFP19/392/15 dt. 16.5.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 2014-15 | KSA-PKD19/466/16 dt. 8.4.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

<u>അനുബന്ധം – 1</u>

നം.കെ.എസ്.എ-പികെഡി19/119/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്
തീയതി – 08.02.2017

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംക്ഷിപ്തം</u>

1. വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2. ആസ്തി മൂല്യം കണക്കാക്കി സാംഖ്യ സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല.
3.വെള്ളക്കരം ഇനത്തിലെ കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക കളക്ഷൻ, തൻവർഷ ഡിമാന്റ് , തൻവർഷ കളക്ഷൻ എന്നീ കണക്കുകൾക്ക് കൃത്യമായ രേഖകളില്ല. ലഭ്യമാക്കിയ കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD19/119/2017

Kerala State Audit Department

District Audit Office

Palakkad

Date – 08.02.2017

## Audit Certificate

Certified that I have audited the Annual Financial Statement of Pattancherry Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pattancherry Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Figures shown in Demand, Arrear Demand registers of Property tax not in agreement with the figures in Annual Financial Statements.
2. Asset value not ascertained and linked with SankhyaSoftware.
3. Arrear Demand, Arrear Collection, Current Demand, Current collection for water charges have any clear material evidence with the panchayat. The accounts presented is not in agreement with the Annual Financial Statement.

Deputy Director